# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

## നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം .*205

## 07/07/2015 -ലെ മറുപടിക്ക്

## പൊതുചെലവുകളുടെ ഗുണനിലവാരം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ജി.സുധാകരൻ<br>ശ്രീ.എം.എ.ബേബി<br>ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ<br>ശ്രീ.എ.പ്രദീപ്കുമാർ | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) പൊതുചെലവുകളുടെ ഗുണനിലവാരവും നിക്ഷേപ പ്രയോജനവും പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ ; | സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയെകുറിച്ച് ഇന്ത്യയുടെ കംപട്രോളർ ആൻറ് ഓഡിറ്റർ ജനറൽ ഓരോ വർഷവും തയ്യാറാകുന്ന റിപ്പോർട്ടിൽ പൊതുചെലവുകളുടെ ഗുണനിലവാരവും നിക്ഷേപ പ്രയോജനവും വിലയിരുത്താറുണ്ട്. കൂടാതെ ഓരോ വർഷത്തേയും പൊതുചെലവ് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കേരള ധന സംബന്ധമായ ഉത്തരവാദിത്ത ആക്ട് 2003 ലെ ഖണ്ഡിക 6 പ്രകാരം ഒരു പൊതുചെലവ് പുനഃപരിശോധന കമ്മിറ്റിയെയും നിയമിക്കാറുണ്ട്. |
| (ബി)പൊതുചെലവുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള എന്തെല്ലാം നിർദ്ദേശങ്ങൾ എവിടെ നിന്നെല്ലാം ഉണ്ടായിട്ടുണ്ട്; | 2012-13 ലെ കംപട്രോളർ ആൻറ് ഓഡിറ്റർ ജനറലിന്റെ സംസ്ഥാന സമ്പദ് വ്യവസ്ഥയെ കുറിച്ചുള്ള റിപ്പോർട്ടിലെ പൊതുചെലവുകളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ചുള്ള പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ/നീരിക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. സംസ്ഥാനത്തിന്റെ വളർച്ചയ്ക്ക് ഉത്തേജനം നൽകുന്നതിന് വളരെ ആവശ്യമായ ആസ്തികൾ സൃഷ്ടിക്കുന്നതിനു വേണ്ടി മൂലധന മേഖലയിലുള്ള ചെലവിന്റെ അനുപാതം വർദ്ധിപ്പിക്കുന്നതിന് സർക്കാർ പരിഗണന നൽകേണ്ടതാണ്.<br><br>2. സാമൂഹ്യവും സാമ്പത്തികവുമായ വീക്ഷണ കോണിൽ നിന്ന് വികസനശീർഷകങ്ങളിലുള്ള പൊതുചെലവിന്റെ പ്രാമുഖ്യം കണക്കിലെടുത്ത് ചെലവിനെ ന്യായ മുക്തമാക്കുന്നതിനുള്ള |

| | |
|---|---|
| | ഉചിതമായ നടപടികൾ സംസ്ഥാന സർക്കാർ എടുക്കേണ്ടതും മർമ്മ പ്രധാന്യമുള്ള പൊതുവായതും മൂല്യമുള്ളതുമായ വിഭവങ്ങളുടെ വ്യവസ്ഥയ്ക്ക് ഊന്നൽ നൽകേണ്ടതുമാണ്.<br>3. കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പാക്കുന്ന സംസ്ഥാന ഏജൻസികൾക്ക് നേരിട്ട് കൈമാറുന്ന ഫണ്ടുകൾ അതാതുസമയത്തു കണക്കിൽ കൊള്ളിക്കുന്നതിനും മേൽ നിരീക്ഷണം നടത്തുന്നതിനും മനേജ്മെൻറ് ഇൻഫർമേഷൻ സംവിധാനങ്ങൾ സ്ഥാപിക്കുകയും നിലവിലുള്ള സെൻട്രൽ പ്ലാൻ സ്കീം മോണിറ്ററിംഗ് സംവിധാനം ഫലപ്രദമായി ഉപയോഗിക്കുകയും ചെയ്യണം.<br>4. സംസ്ഥാന സർക്കാരിന്റെ കണക്കുകളുടെ ബാക്കിപത്രത്തിന് സത്യസന്ധവും വിശ്വസനീയവുമായ മുഖം നൽകുന്നതിന്, നിയമാനുസൃത കോർപ്പറേഷനുകളിലും/ ഗവൺമെൻറു കമ്പനികളിലും/ പൊതു മേഖലാ സ്ഥാപനങ്ങളിലുമുള്ള നിക്ഷേപത്തിന്റെ കുറഞ്ഞ വരുമാനവും അവർക്കു നൽകിയ വായ്പകളിലെ ഭീമമായ കുടിശ്ശികയും സർക്കാർ പുനരവലോകനം ചെയ്യണം.<br>5. സാദ്ധ്യമായ ഭാവി ബാധ്യതകൾ നേരിടുന്നതിന് കരുതൽ ഫണ്ടുകൾ രൂപികരിക്കുമ്പോൾ വിഭാവനം ചെയ്തിട്ടുള്ള നിയമാനുസൃത സംഭാവനകൾ ഫണ്ടിൽ നിക്ഷേപിക്കണം. ഫണ്ട് നീക്കിയിരിപ്പിന്റെ സാദ്ധ്യമായ വർദ്ധനയ്ക്കുവേണ്ടി ഫണ്ടിലെ നീക്കിയിരുപ്പുകൾ പുനർ നിക്ഷേപം നടത്തുവെന്ന് കൂടി സർക്കാർ ഉറപ്പാക്കണം.<br>മൂന്നാം പൊതു ചെലവ് പുനഃപരിശോധന കമ്മിറ്റിയുടെ മൂന്നാം റിപ്പോർട്ടിലെ പൊതുചെലവു സംബന്ധിച്ചിട്ടുള്ള പ്രധാനപ്പെട്ട ശുപാർശകൾ ചുവടെ ചേർക്കുന്നു.<br>1. ഭൂമി എറ്റെടുക്കൽ , ജലസേചന-പൊതുമരാമത്തു പദ്ധതികളുടെ പരിശോധന, പദ്ധതികളുടെ നടത്തിപ്പ് എന്നിവയ്ക്കായി സൃഷ്ടിച്ചിട്ടുള്ളതും പ്രവർത്തന ക്ഷമമല്ലാത്തതുമായ ഓഫീസുകൾ അടച്ചുപൂട്ടേണ്ടതും അത്തരം ഓഫീസുകളിൽ നിയോഗിച്ചിട്ടുള്ള ജീവനക്കാരെ പിരിച്ചു വിടേണ്ടതുമാണ്.<br>2. പലിശ, പെൻഷൻ, എയ്ഡഡ് വിദ്യാഭ്യാസ |

| | |
|---|---|
| | സ്ഥാപനങ്ങൾക്കുള്ള വിദ്യാഭ്യാസ ഗ്രാന്റ്, സർക്കാർ ജീവനക്കാർക്കുള്ള ശമ്പളം എന്നിവയിൽ ഉണ്ടായിട്ടുള്ള വർദ്ധനവ് നിയന്ത്രിക്കുന്നതിന് ആവശ്യമായ സാമ്പത്തിക നടപടികൾ മുൻഗണനാ ക്രമത്തിൽ കൈക്കൊള്ളേണ്ടതാണ്.<br>3. ലാഭകരമല്ലാത്ത സ്വകാര്യ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണം വർദ്ധിച്ചിട്ടുള്ള സാഹചര്യത്തിൽ, സ്വകാര്യ എയ്ഡഡ് വിദ്യാഭ്യാസ മേഖലയിൽ പുതിയ സ്കൂളുകൾ തുടങ്ങാൻ സർക്കാർ അനുവാദം നൽകാൻ പാടില്ല.<br>4. സ്ഥിരം ജീവനക്കാരെ ലാഭകരമല്ലാത്ത സ്കൂളുകളിൽ നിയമിക്കുവാൻ പാടില്ല. ദിവസക്കൂലി അടിസ്ഥാനത്തിൽ താൽകാലിക ടീച്ചർമാരെ നിയമിക്കുകയോ അധികമുള്ള ടീച്ചർമാരെ മറ്റ് സ്കൂളുകളിലേയ്ക്ക് പുനർ വിന്യാസം ചെയ്യുകയോ ചെയ്യേണ്ടതാണ്.<br>5. കെ.എസ്.ആർ.ടി.സി, സർവ്വകലാശാലകൾ പോലുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ നിയമാനുസൃത പെൻഷൻ സ്കീമിന്റെ പരിധിയിൽ വരുന്ന വിരമിച്ച ജീവനക്കാർക്ക് മാസംതോറുമുള്ള പെൻഷൻ, പെൻഷൻ ആനുകൂല്യങ്ങൾ എന്നീ ഇനത്തിലുള്ള ചെലവുകൾ നിറവേറ്റുന്നതിനായി പെൻഷൻ ഫണ്ട് രൂപീകരിക്കേണ്ടതാണ്.<br>6. വാർഷിക പദ്ധതിയും പഞ്ചവൽസര പദ്ധതിയും തയ്യാറാക്കുന്ന സമയത്ത് സുസ്ഥിര സാമ്പത്തിക വളർച്ച നേടുന്നതിനുവേണ്ടി പൊതു നിക്ഷേപ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതികളുടെ മുൻഗണനാക്രമം നിശ്ചയിക്കുന്നതിന് നടപടി കൈക്കൊള്ളേണ്ടതാണ്.<br>7. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ചിട്ടയായ നടത്തിപ്പിനും ഫണ്ട് ചെലവഴിക്കുന്നതിലും മെച്ചപ്പെട്ട ഉത്തരവാദിത്തം കൈവരിക്കുന്നതിനു നിർവഹണ ഏജൻസികളുടെ മേലുള്ള വകുപ്പുകളുടെ മേൽനോട്ട സംവിധാനം ശക്തിപ്പെടുത്തേണ്ടതാണ്.<br>8. കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച്, |

| | |
|---|---|
| | പൊതുകടത്തിൽ ഏറിയപങ്കും സംസ്ഥാനം പൊതുവിപണിയിൽ നിന്ന് എടുക്കുന്ന കടമാണ്. 75000 കോടിയോളമുള്ള പ്രവാസി നിക്ഷേപത്തിന്റെയും 90000 കോടിയോളമുള്ള ബാങ്ക് നിക്ഷേപത്തിന്റെയും ഒരു വിഹിതം വായ്പയായി ലഭിക്കുന്നതിന് നൂതന വായ്പാ ഉപാധികൾക്ക് രൂപം നൽകേണ്ടതാണ്. |
| (സി) പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കുന്നതിലുള്ള നിലപാട് എന്താണെന്നും അതിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ? | മേൽ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും ധനകാര്യ മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായും ഇതിനകം കൈകൊണ്ടിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.<br>➢ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാത്തരം മദ്യം, വൈൻ, ബിയർ, സിഗററ്റ് എന്നിവയിന്മേലുള്ള നികുതി വർദ്ധിപ്പിച്ചിട്ടു ണ്ട്.<br>➢ പെട്രോളിയം ഉൽപന്നങ്ങളുടെ വിലകുറയുന്നതിന്റെ ഫലമായി നികുതിയിലു ണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിന് പെട്രോളിന്റെ നികുതി ന്യൂട്രലാക്കി നിർത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടു ണ്ട്.<br>➢ ഭൂമിയുടെ ന്യായവില പുനർനിർണ്ണയിച്ചിട്ടുണ്ട്. ഭൂനികുതി, തോട്ടം നികുതി എന്നിവയിൽ കാലോചിതമായ വർദ്ധനവ് വരുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.<br>➢ നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ, ആരോഗ്യ വകുപ്പ് ഒഴികെ എല്ലാ വകുപ്പുകളിലും നിലവിലുള്ള യൂസർ ചാർജ്ജുകളും ഫീസുകളും വർദ്ധിപ്പിച്ചിട്ടുണ്ട്<br>➢ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നികുതി കുടിശ്ശികയിന്മേൽ ഏർപ്പെടുത്തിയിട്ടുള്ള എല്ലാ ഉപാധി രഹിത സ്റ്റേകളും പിൻവലിച്ചു. ഒരു ലക്ഷത്തിൽ കൂടുതൽ തുകയ്ക്ക് മുകളിൽ സ്റ്റേ അനുവദിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുമന്ത്രിയും ധനമ |

ന്ത്രിയും മുഖേന മുഖ്യമന്ത്രിക്ക് ഫയൽ സർക്കുലേറ്റ് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

- ക്ഷേമനിധി ബോർഡുകളുടെ കൈവശമുള്ള ഫണ്ട് ട്രഷറിയിൽ നിക്ഷേപിക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

കൂടാതെ വിവിധ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, എന്നിവിടങ്ങളിലെ ബാങ്ക് നിക്ഷേപങ്ങൾ ട്രഷറിയിലേയ്ക്ക് മാറേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള അധിക വിഭവസമാഹരണ നിർദ്ദേശങ്ങൾ കൂടാതെ ചെലവ് ചുരുക്കലിനുള്ള നിർദ്ദേശങ്ങളും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

- സംസ്ഥാനത്തെ മന്ത്രിമാർ സെപ്റ്റംബർ 2014 മുതൽ 2015 മാർച്ച് വരെയുള്ള അവരുടെ ശമ്പളത്തിൽ 20% കുറവ് വരുത്താൻ തീരുമാനിച്ചിട്ടുണ്ട്.
- 2015 മാർച്ച് 31 വരെ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും സ്ഥാപനങ്ങളും ഏജൻസികളും രൂപീകരിക്കുന്നതിനും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.
- മുപ്പതിനായിരത്തോളം താത്ക്കാലിക തസ്തികകൾ അധികമാണെന്ന് സർക്കാർ കണ്ടെത്തിയിട്ടുണ്ട്. ഇവയുടെ 25 ശതമാനം 2014-15 ൽ തന്നെ നിർത്തലാക്കാനും തീരുമാനിച്ചിട്ടുണ്ട്.
- പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് നിയന്ത്രണം ഏർപ്പെടുത്തി.
- ആരോഗ്യ കുടുംബക്ഷേമം ഒഴികെയുള്ള വകുപ്പുകളിൽ നിന്നുള്ള ജീവനക്കാരുടെ വർക്കിംഗ് അറേഞ്ച്മെന്റ് നിർത്തലാക്കി.
- സർക്കാർ ഓഫീസുകളിൽ വൈദ്യുതി, ജലം, സ്റ്റേഷനറി എന്നിവയുടെ ഉപഭോഗം നിയന്ത്രിക്കുന്നതുൾപ്പെടെയുള്ള നിർദ്ദേശങ്ങൾക്കൊപ്പം മുൻകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള

ചെലവു ചുരുക്കൽ ഉത്തരവുകളും കർശനമായി പാലിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

- സംസ്ഥാന പദ്ധതികളുടെയും കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും നടത്തിപ്പ് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ എല്ലാ മാസവുമുള്ള അവലോകനയോഗത്തിൽ നിരീക്ഷിച്ചു വരുന്നു
- General Obligation Bond, Revenue Bond എന്നീ നൂതന ധനസമാഹരണ സംവിധാനത്തിലൂടെ മിതകാലടിസ്ഥാനത്തിൽ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് ഫണ്ട് സ്വരൂപിക്കുന്നതിനായി നിലവിലുള്ള KIIFB, KRFB നെയും ചുമതലപ്പെടുത്തിയിട്ടുണ്ട്
- Alternate Investment Fund Category 1, Infrastructure Investment Fund or Infrastructure Development Fund എന്നീ നൂതന രീതിയിലൂടെ ദീർഘകാലടിസ്ഥാനത്തിൽ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് ഫണ്ട് സ്വരൂപിക്കുന്നതിനായി നിലവിലുള്ള KIIFB നെ ചുമതലപ്പെടുത്തിയിട്ടുണ്ട്

വകുപ്പുകളിൽ പുതുതായി വാഹനങ്ങൾ വാങ്ങുന്നതിനു പകരമായി വാഹനം വാടകയ്ക്ക് മാത്രമേ എടുക്കാവൂ, പുതുതായി ആരംഭിക്കുന്ന ഓഫീസുകളിൽ വാടകയ്ക്ക് മാത്രമേ വാഹനം അനുവദിക്കാവൂ, ദീർഘകാല ശമ്പളരഹിത അവധി അനു

| | |
|---|---|
| | വദിക്കുന്നതുമൂലമുണ്ടാകുന്ന ഒഴിവുകൾ താത്കാലികമായി മാത്രമേ നികത്താവൂ തുടങ്ങിയ നിർദ്ദേശങ്ങളും 11.10.2013 ലെ 515/2013/ധന നമ്പർ ഉത്തരവുകൾ പ്രകാരം നൽകിയിട്ടുണ്ട്. 11.10.2013 ലെ സ.ഉ (പി) നം. 515/13/ധന, 28.11.2013 ലെ സ.ഉ. (പി) നം. 580/13/ധന എന്നീ ഉത്തരവുകൾ വഴി ഡെപ്യൂട്ടേഷൻ അനുവദിക്കുന്നതിൽ ഏതാനും വ്യവസ്ഥകൾ ഏർപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**